(ഡി) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) ശ്രീ. ചന്ദ്രശേഖരനുൾപ്പെടെയുള്ള ജീവനക്കാർക്ക് അലവൻസുകൾ നൽകുന്നതിനുള്ള തുകയ്ക്ക് ബില്ല് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആനുകൂല്യങ്ങൾ യഥാസമയം തന്നെ വിതരണം ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടകര താലൂക്ക് ആശുപത്രിയിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ കീഴിൽ പേവാർഡ് നിർമ്മിക്കാൻ നടപടി

116 [3814] *ശ്രീ. സി. കെ. നാണു* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ താലൂക്ക് ആശുപത്രികളിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ കീഴിൽ പേവാർഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വടകര താലൂക്ക് ആശുപത്രിയിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന്റെ കീഴിൽ പേവാർഡുകൾ നിർമ്മിക്കുവാൻ സന്നദ്ധമാകുമോ;

(സി) മെഡിക്കൽ കോളേജുകളിലെപ്പോലെ മിതമായ നിരക്കിൽ റൂമുകളും. ചികിത്സയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനയ്ക്കും സഹായകരമാവും വിധം പേവാർഡുകൾ പ്രവർത്തിപ്പിക്കാൻ സന്നദ്ധമാവുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എച്ച്. ആർ. ഡബ്ല്യു. എസ്. ഇക്കാര്യം ആലോചിച്ചുവരുന്നുണ്ട്.

(സി) കെ. എച്ച്. ആർ. ഡബ്ല്യു. എസ്. വക പേവാർഡുകൾ ഈ ലക്ഷ്യത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

താമരശ്ശേരി സി. എച്ച്. സി. യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്താൻ നടപടി

117 [3815] *ശ്രീ. സി. മോയിൻകുട്ടി* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി സി. എച്ച്. സി.-യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) താമരശ്ശേരി സി. എച്ച്. സി.-ക്ക് നിലവിൽ എന്തൊക്കെ ഭൗതിക സാഹചര്യങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) താമരശ്ശേരി സി. എച്ച്. സി.-യിൽ പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് രോഗികൾക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) കോഴിക്കോട് താലൂക്കിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി നാഷണൽ ഹൈവേ 212-ന്റെ ഓരത്ത് സ്ഥിതിചെയ്യുന്ന താമരശ്ശേരി സി. എച്ച്. സി.-യെ പരിഗണിക്കുമോ?

ഉത്തരം

(എ) താമരശ്ശേരി സി. എച്ച്. സി. യെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) ഒ. പി. ബ്ലോക്ക്, സ്ത്രീകളുടെയും ഗർഭിണികളുടെയും വാർഡ്, പുരുഷൻമാരുടെ വാർഡ്, പ്രസവാനന്തര ശസ്ത്രക്രിയാ വാർഡ്, പേവാർഡ്, രോഗികൾക്കുള്ള വിശ്രമമന്ദിരം, പ്രസവമുറി എന്നീ സൗകര്യങ്ങൾ നിലവിലുണ്ട്.

(സി) പത്ത് ലക്ഷം രൂപയുടെ ആധുനിക ഒ. പി. ബ്ലോക്ക്, ഇമ്മ്യൂണൈസേഷൻ വിഭാഗം, പീഡിയാട്രിക് വാർഡ്, എക്സ്റേ കെട്ടിടം, ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, ലബോറട്ടറി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ചേലക്കര നിയോജക മണ്ഡലത്തിലെ പി. എച്ച്. സി. കളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

118 [3817] *ശ്രീ. കെ. രാധാകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് സ്ഥിരമായി മെഡിക്കൽ ആഫീസർമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നതെന്ന് പറയാമോ;

(ബി) ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly